LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂൺ 30, ബുധൻ

## വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2004 ജൂൺ മാസം 30-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ 61

അനധികൃത പണമിടപാടുകാരുടെ ചൂഷണം തടയുന്നതിന് നടപടി

*1 (61) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത പണമിടപാടുകാരുടെ ചൂഷണം തടയുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ ഇടപാടുകാർ നല്ലൊരു തുക ലഭിച്ചു കഴിഞ്ഞാൽ ആളുകളെ കബളിപ്പിച്ചു കടന്നുകളയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് നിയന്ത്രിക്കാൻ സർക്കാർ കർശന നടപടി സ്വീകരിക്കുമോ?

(എ) ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, അനധികൃത പണമിടപാടുകാരുടെ ചൂഷണം തടയുന്നതിനായി 1958-ലെ മണി ലെൻഡിംഗ് നിയമത്തിൽ തന്നെ വ്യവസ്ഥകളുണ്ട്. പ്രസ്തുത നിയമത്തിലെ വകുപ്പ് 3, ഉപവകുപ്പ് (1) പ്രകാരം പണമിടപാട് സ്ഥാപനം നടത്തുന്നതിന് ലൈസൻസ് എടുക്കേണ്ടതും വകുപ്പ് 4, ഉപവകുപ്പ് (6) പ്രകാരം ലൈസൻസ് ഓരോ വർഷവും

പുതുക്കേണ്ടതുമാണ്. കൂടാതെ വകുപ്പ് 17 പ്രകാരം ലൈസൻസ് ഇല്ലാതെയോ, ലൈസൻസിനു വിരുദ്ധമായോ പ്രവർത്തിക്കുന്നവർക്ക് മൂന്നു മാസം മുതൽ മൂന്നു വർഷം വരെ തടവുശിക്ഷ നൽകാവുന്നതോ, 50,000 രൂപ പിഴ ചുമത്താവുന്നതോ ആണ്. പ്രസ്തുത നിയമം 18 (സി) പ്രകാരം ലൈസൻസ് എടുക്കാതെ പണമിടപാട് നടത്തുകയോ, കൃത്യമായ കണക്കുകൾ എഴുതി സൂക്ഷിക്കാതിരിക്കുകയോ ബിസിനസ് സംബന്ധമായ റിട്ടേണുകൾ സമർപ്പിക്കാതിരിക്കുകയോ, അമിതമായ പലിശ ഈടാക്കുകയോ ചെയ്താൽ ലൈസൻസ് നൽകിയ അധികാരിക്ക് പണമിടപാട് സ്ഥാപനത്തിന്റെ പേരിൽ 25,000 രൂപ വരെ പിഴ ഈടാക്കാവുന്നതാണ്. ഇതിനുപുറമേ ഒരു പണമിടപാടു സ്ഥാപനം, അവർ നൽകുന്ന വായ്പകൾക്കോ സ്വർണ്ണ പണയത്തിൻമേൽ നൽകുന്ന തുകയ്ക്കോ ഈടാക്കാവുന്ന പരമാവധി പലിശ നിശ്ചയിക്കുന്നതിനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള ഭേദഗതിയും 2004-ലെ ധനകാര്യ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള പരാതികൾ ലഭിച്ചിട്ടില്ല.

(സി) വ്യക്തമായ പരാതികൾ ലഭിക്കുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്. നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സഹായകരമായ വിധത്തിൽ പ്രൊട്ടക്ഷൻ ഓഫ് ഡെപ്പോസിറ്റേഴ്സ് ഇന്ററസ്റ്റ് ആക്ട് എന്ന പേരിൽ തയ്യാറാക്കിയ കരട് നിയമം സർക്കാരിന്റെ പരിഗണനയിലുണ്ട്.

ശ്രീ. എ.എ. അസീസ്: സർ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ നാട്ടിൽ പെരുകി വരുകയാണ്. ഇവയ്ക്ക് ഗവൺമെന്റിന്റെ അംഗീകാരം വല്ലതുമുണ്ടോ; അതോ അംഗീകാരം ഇല്ലാതെയാണോ നടക്കുന്നത്? ഇത് പരിശോധിക്കുന്നതിന് നിലവിൽ സംവിധാനം ഉണ്ടെങ്കിൽപ്പോലും അത് ഫലപ്രദമായി വിനിയോഗിക്കാറില്ല. ഫലപ്രദമായി വിനിയോഗിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന്റെ നിയമവും ചട്ടവുമാണ് ഞാനിവിടെ പറഞ്ഞത്. ഇതിൽപ്പെടാത്ത ചില ധന ഇടപാടുകൾ സ്വകാര്യമായി ചെറിയ തോതിൽ വില്ലേജുകളിലും പട്ടണങ്ങളിലും നടക്കുന്നുണ്ട്. അത് നിരുത്സാഹപ്പെടുത്തുന്നതിന് നിയപരമായി എന്ത് ചെയ്യാൻ പറ്റും എന്നുള്ളത് പ്രത്യേകമായി ആലോചിക്കേണ്ടതായിട്ടുണ്ട്.

മി. സ്പീക്കർ: ഒരു ലക്ഷം രൂപയെങ്കിലും ലൈസൻസ് ഫീസായി വച്ചാൽ നമുക്ക് ആ ഇനത്തിൽ കുറേ കാശ് കിട്ടുകയും അതുവഴി സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിയുകയും ചെയ്യും.

ശ്രീ. എ.എ. അസീസ്: ഗൾഫ് നാടുകളിലേയ്ക്കും മറ്റും വിസ നൽകാമെന്ന പേരിൽ വൻ തുക ഈടാക്കുകയും വിസ കിട്ടാതെ വഞ്ചിതരാകുകയും ചെയ്യുന്ന അനേകായിരം ആളുകൾ നമ്മുടെ നാട്ടിലുണ്ട്. ഈ തട്ടിപ്പ് അന്വേഷിക്കാൻ ആവശ്യമായ നിയമനിർമ്മാണ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: അത് പ്രത്യേകമായി കൈകാര്യം ചെയ്യേണ്ട വിഷയമാണ്. ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ച കാര്യം വളരെ പ്രാധാന്യ മുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് 9,094 രജിസ്റ്റേർഡ് മണി ലെൻഡേഴ്സ് ആണുള്ളത്. അവർക്കും ഈ പറഞ്ഞ നിയമം ബാധകമാണ്. അങ്ങനെയുള്ള മണിലെൻഡേഴ്സിന്റെ കാര്യത്തിൽ എന്ത് ചെയ്യാൻ പറ്റുമെന്നുള്ളത് പ്രത്യേകമായി ആലോചിക്കേണ്ട വിഷയമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ലൈസൻസ് എടുത്ത് പണമിടപാട് നടത്തുന്ന മണിലെൻഡേഴ്സ് നിയമത്തിന് വിധേയമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കാൻ ഇവിടെ സംവിധാനം ഉണ്ട്. എന്നാൽ ബ്ലേഡ് കമ്പനികൾ എന്നുള്ള നിലയിൽ സംസ്ഥാനത്ത് തഴച്ച് വളർന്നിരിക്കുന്ന പണമിടപാട് സ്ഥാപനം ഒരു മാഫിയയായി വളർന്നിരിക്കുകയാണ്. അവർ തന്നെ ഗുണ്ടാസംഘത്തെ വയ്ക്കുന്നു. അവർക്ക് തന്നെ പോലീസിൽ ആളുണ്ട്. എല്ലാ രംഗത്തുമുള്ള ഒരു സാമൂഹ്യവിപത്തായി അത് മാറിയിരിക്കുകയാണ്. ഇങ്ങനെയുള്ള ബ്ലേഡ് കമ്പനികൾ നിരോധിക്കുന്നതിനുള്ള ഒരു നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: പുതിയതായി ബിൽ അവതരിപ്പിച്ച് നിയമനിർമ്മാണം നടത്തുന്ന അവസരത്തിൽ ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ചെയ്യാവുന്നതാണ്. ഒരു കരട് ബിൽ തയ്യാറാക്കി ലാ ഡിപ്പർട്ടുമെന്റിലേയ്ക്ക് അയച്ചിട്ടുണ്ട്. അത് കിട്ടിക്കഴിഞ്ഞതിനുശേഷം തീർച്ചയായിട്ടും അങ്ങനെ ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ച് ആവശ്യമായ എല്ലാ മാറ്റങ്ങളും വരുത്തിക്കൊണ്ട് പാസ്സാക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മണി ലെൻഡേഴ്സ് ആക്ടിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്ത് ഒരു ചിട്ടി നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് കുറേ കാലമായി ആലോചിക്കുന്നതായിട്ട് മനസ്സിലാക്കുന്നു. ആ ചിട്ടി നിയമത്തിൽ ഈ പുതിയ വ്യവസ്ഥകളെല്ലാം കൂടി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് പോകുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതും ചോദ്യവും രണ്ടും രണ്ടാണ്. നമുക്ക് അതിനെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കേരളത്തിനകത്തുള്ളവർ മാത്രമല്ല, കേരളത്തിന് വെളിയിൽ അതായത് തമിഴ്നാട് ഉൾപ്പെടെയുള്ള മേഖലയിൽനിന്നും സേട്ടുവിന്റെ എന്ന് പറയുന്ന ആളുകൾ കേരളത്തിൽ വന്ന് പണം കടം കൊടുത്തിട്ട് ആ കടം വീട്ടാതെ വലിയ സാമ്പത്തിക ബാദ്ധ്യതകൾ വരുന്ന സന്ദർഭത്തിൽ പണം കടം വാങ്ങിയവരുടെ വാഹനം വരെ തട്ടിക്കൊണ്ടുപോകാൻവേണ്ടി വലിയ ഗുണ്ടാ സെറ്റുണ്ടാക്കുകയും ആ സെറ്റ് വന്ന് വാഹനം വരെ തട്ടിക്കൊണ്ടു പോകുകയും

ചെയ്യുന്ന അവസ്ഥയിൽ വരെ കാര്യങ്ങൾ എത്തി നിൽക്കുകയാണ്. കണ്ണൂർ ജില്ലയിലൊക്കെ നിരവധി ആളുകൾ അവസാനം കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത സംഭവം പോലും ഉണ്ടായിട്ടുണ്ട്. അതുപോലുള്ള സന്ദർഭത്തിൽ നമുക്ക് എങ്ങനെയാണ് ഇടപെടാൻ സാധിക്കുക? ഇത് നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് ദീർഘകാലമായി കേരളത്തിൽ നടന്നുവരുന്ന ഒരു സമ്പ്രദായമാണ്. സ്കൂട്ടർ, കാർ, ബസ്, ലോറി ഇവയൊക്കെ വാങ്ങാൻവേണ്ടി അമിതമായ പലിശയ്ക്ക് ഈ മാതിരിയുള്ള ആളുകളിൽ നിന്നും പണം കടം വാങ്ങിച്ച് അവസാനം പണം തിരിച്ചടയ്ക്കാൻ പറ്റാതെ ഗുണ്ടാ സംഘത്തിന്റെ പിടിയിലാകുന്നു. അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത് നമ്മൾ പുതിയതായി കൊണ്ടുവരുന്ന ബില്ലിൽ ഇങ്ങനെയുള്ള എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്താൻ സാധിക്കും എന്ന്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, സ്വയം തൊഴിലിന് ആവശ്യമായ സംഖ്യ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാതെ വരുമ്പോൾ, തൊഴിലും വരുമാനവും വേണ്ടതുപോലെ ഇല്ലാതെ വരുന്ന ആളുകളുടെ ഇടയ്ക്കാണ് തമിഴനാടിൽ നിന്നും ആളുകൾ വന്ന് അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത്. അവർ വളരെ ദീർഘവീക്ഷണത്തോടെ മുതലിനു പകരം പലിശയാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്. പലിശ തെറ്റിക്കുമ്പോൾ കുടുബാംഗങ്ങളെ അപമാനിക്കാനും ഭീഷണിപ്പെടുത്താനും ശ്രമിക്കുന്നു. വർഷങ്ങളായി കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ ഇത്തരം പണമിടപാടുകൾ ഉണ്ട്. ഇത് ധനകാര്യ സ്ഥാപനങ്ങൾക്ക് നോക്കാൻ കഴിയില്ല. പോലീസ് സേനയെക്കൊണ്ടോ മറ്റ് വകുപ്പുകൾ ഉപയോഗിച്ചോ അവരുടെ പേരിൽ നടപടിയെടുത്തില്ലെങ്കിൽ ആയിരക്കണക്കിന് കുടുംബാംഗങ്ങൾ വഴിയാധാരമാകുന്ന സ്ഥിതിയുണ്ടാകും. അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : ഇത് അതിർത്തി പ്രദേശങ്ങളിൽ മാത്രമല്ല, തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും ഉണ്ട്. അതെല്ലാം നിയന്ത്രിക്കണമെങ്കിൽ സമഗ്രമായ ഒരു നിയമം കൊണ്ടുവന്നാൽ മാത്രമേ സാധിക്കുകയുള്ളൂ. അതുപോലെ തന്നെ ബാങ്കുകളിൽ നിന്ന് പാവപ്പെട്ട ആളുകൾക്ക് കുറേക്കൂടി പണം കൊടുക്കാനുള്ള സംവിധാനം കൂടി ഉണ്ടാകേണ്ടതാണ്.

ശ്രീ. ടി. കെ. ബാലൻ: സർ, ബ്ലേഡ് കമ്പനിയുടെ ആളുകൾ ഇപ്പോൾ എല്ലാ വില്ലേജിലും വരുകയാണ്. തമിഴ്നാടിൽ നിന്നും വരുന്ന ആളുകളെപ്പറ്റി ശ്രീ. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. എല്ലാ ദിവസവും ഒരു പ്രത്യേക സമയത്ത് മോട്ടോർ ബൈക്കിൽ ചെറുപ്പക്കാരായിട്ടുള്ള ഏജന്റുമാർ പുരുഷൻമാരില്ലാത്ത സമയത്ത് വീടുകളിൽ ചെന്ന് സ്ത്രികൾക്ക് പണം കടം കൊടുത്തിട്ട് പിന്നീട് പിരിവിന് വരുകയാണ്. അവസാനമാണ് ഈ കാര്യങ്ങൾ പുരുഷൻമാരുടെ ശ്രദ്ധയിൽ വരുന്നത്. ഇത് വലിയ കുഴപ്പമാണ്. ഞങ്ങൾ തന്നെ ഇപ്പോൾ കണ്ണൂരിലെ ഓരോ വില്ലേജിലും ബ്ലേഡ് മാഫിയയ്ക്ക് എതിരായിട്ടുള്ള നടപടികൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ചില പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസർമാരും, റിട്ടയർ ചെയ്ത ഉയർന്ന ഉദ്യോഗാസ്ഥരുമൊക്കെ ഈ ഏജന്റുമാർ മുഖേനയാണ് പണം കൊടുക്കുന്നത്. മയക്കുമരുന്ന് പിടിക്കാൻ നർക്കോട്ടിക് സെൽ ഉള്ളതുപോലെ ഇവരെ പിടിക്കാനും ശിക്ഷിക്കാനും പ്രത്യേകമായ ഒരു സെൽ രൂപീകരിക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ഈ കാര്യം ഗവൺമെന്റിന്റ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടി എടുക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. അതിന് നിവാരണമാർഗ്ഗം ഉണ്ടാകണം. അത് ഏത് വിധത്തിൽ നിയന്ത്രിക്കാൻ സാധിക്കും എന്നുള്ള കാര്യം ആലോചിച്ച് തീരുമാനിക്കുന്നതാണ്.

ശ്രീ. എം. മുരളി: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ തന്നെ നമ്മുടെ ദേശസാൽകൃത ബാങ്കുകളും, നാഷണലൈസ്ഡ് ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും കേരളത്തിലെ ജനങ്ങളോട് സ്വീകരിച്ചിരിക്കുന്ന സമീപനത്തിന്റെ പ്രതിഫലനമാണിത്. സി.ഡി. റേഷ്യോയിലുള്ള അന്തരം അൽപ്പം കുറഞ്ഞുവെന്ന് മുഖ്യമന്ത്രി കഴിഞ്ഞദിവസം പ്രഖ്യാപിച്ചുവെങ്കിലും സാധാരണക്കാരുടെ ദൈനംദിന ആവശ്യങ്ങൾക്ക് ബാങ്കുകൾ ഉപകാരപ്രദമാകുന്നില്ല. അതുകൊണ്ടാണ് സ്വകാര്യ മേഖല തഴച്ചു വളരുന്നത്. എനിക്ക് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള കാര്യം വാഹനങ്ങളും മറ്റ് ഗൃഹോപകരണങ്ങളും വാങ്ങുന്നതിനുള്ള ഹയർ പർച്ചേസ് ലോൺ, ചിട്ടി, സ്വർണ്ണപ്പണയം ഉൾപ്പെടെയുള്ള പണമിടപാടുകൾ എന്നിവ ഇപ്പോൾ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ് എന്നുള്ളതാണ്. ധനകാര്യ വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക വിഭാഗമുണ്ടാക്കി രജിസ്ട്രേഷനും മറ്റു നിയമനടപടികളും കർശനമാക്കണം. മാത്രമല്ല, എല്ലാ സ്വകാര്യ പണമിടമാടുകളും നിയമപരമായി മാത്രം നടത്താൻ വേണ്ടിയുള്ള ഒരു സമഗ്ര നിയമനിർമ്മാണത്തെ കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ; ഇപ്പോൾ തയ്യാറാക്കി വച്ചിട്ടുള്ള കരടുനിയമം എന്നുപറയുന്നത് ഒരു സമഗ്ര നിയമമല്ല. സ്വകാര്യ പണമിടപാടുമായി ബന്ധപ്പെട്ട് ഒരു സമഗ്ര നിയമം കൊണ്ടുവരാൻ തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഞാൻ ആദ്യം തന്നെ സൂചിപ്പിച്ചു, ഒരു സമഗ്രമായ നിയമം കൊണ്ടുവരാൻ തയ്യാറാണെന്ന്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, തമിഴ്നാട്ടിൽ സമീപകാലത്ത് സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുന്നതിന് ശക്തമായിട്ടുള്ള നിയമം കൊണ്ടുവരികയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി അവിടത്തെ ഹുണ്ടിക വ്യാപാരികൾ കഴിഞ്ഞ കാലഘട്ടത്തിൽ നിന്ന് വ്യത്യസ്തമായി ഇപ്പോൾ കേരളത്തിലേയ്ക്ക് പ്രത്യേകിച്ച് ഇടുക്കി, കോട്ടയം ജില്ലകളിലേക്ക് വന്നിട്ടുണ്ട്. പണം കടം കൊടുത്തിട്ട്, അതിന്റെ പലിശ ഉൾപ്പെടെ കൊടുക്കാത്ത വീട്ടിലുള്ള അംഗങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കിവിട്ടിട്ട് ഈ വീടുകളിൽ പണം കടം കൊടുത്ത വ്യാപാരികൾ കയറി താമസം ആക്കുന്നതുപോലെയുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു നിയമം വരുന്നതിനു മുൻപുതന്നെ ഇത്തരം കടക്കെണിയിൽപ്പെട്ടവർക്ക് പരിരക്ഷ കൊടുക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. ശങ്കരനാരായണൻ:</u> ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഇതിൽ രണ്ടഭിപ്രായമുണ്ട്. ഞാൻ ഇതിനെപ്പറ്റിയുള്ള ഒരു സമഗ്രമായ നിയമത്തെപ്പററിയും, ഇത്തരം തട്ടിപ്പുകൾ അവസാനിപ്പിക്കാനുള്ള കാര്യത്തെക്കുറിച്ചും ആലോചിച്ചപ്പോൾ, പലരും പറഞ്ഞത്, അത്യാവശ്യം പഞ്ച് പൈസ കിട്ടുന്നത് ഇല്ലാതാക്കാനുള്ള ഒരു സ്ഥിതി എന്തിനാണ് ഉണ്ടാക്കുന്നത് എന്നാണ്. പക്ഷെ ആ അഭിപ്രായം ശരിയല്ല. തീർച്ചയായിട്ടും നമുക്ക് ഇതിന് ഒരു സമഗ്രമായ നിയമം വേണം. ഇതിന് ഒരവസാനമുണ്ടാക്കണം. അതിനെപ്പറ്റി തീർച്ചയായിട്ടും ഗവൺമെന്റ് ആലോചിച്ച് ഒരു തീരുമനമെടുക്കുന്നതാണ്.

<u>ശ്രീ. എ. എൻ. രാജൻ ബാബു:</u> ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചതുപോലെ തമിഴ്നാട്ടിൽനിന്നുൾപ്പെടെയുള്ളവർ കേരളത്തിലെ സാധാരണക്കാരായ ആളുകളുടെ ഇടയിൽ വന്നാണ് പലിശയ്ക്ക് പണം കൊടുക്കുന്നത്. അവരുടെ മക്കളുടെ വിവാഹാവശ്യത്തിനും കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനുമൊക്കെയാണ് പലിശയ്ക്കെടുക്കുന്നത്. അവരുടെ കുടുംബത്തിൽ വരുന്ന വരുമാനം മുഴുവൻ ഈ പലിശ കൊടുത്ത് തീർക്കുന്ന അവസ്ഥയിൽ എത്തിനിൽക്കുമ്പോഴാണ് പിന്നീട് പീഡിപ്പിക്കപ്പെടുന്നത്. അവർക്ക് സാമ്പത്തിക സഹായങ്ങൾ ലഭ്യമാകാതിരിക്കുന്ന സാഹചര്യം ഉള്ളതു കൊണ്ട്. ഇപ്പോൾ ബാക്ക് വേർഡ് ഡെവലപ്മെന്റ് കോർപ്പറേഷനൊക്കെ ധാരാളം പണം കൊടുക്കുന്നുണ്ട്. ഈ പണം ലഭ്യമാക്കി മൈക്രോ ഫിനാൻസിംഗ് സിസ്റ്റത്തിലൂടെ ഉത്തരവാദപ്പെട്ട നോഡൽ ഏജൻസി മുഖേന സാധാരണക്കാരുടെ സെൽഫ് ഗ്രൂപ്പുകൾക്ക് പണം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ?

<u>ശ്രീ. കെ. ശങ്കരനാരായണൻ:</u> മൈക്രോ ഫിനാൻസിംഗ് സിസ്റ്റം കൊണ്ടുവരാൻ പോകുന്നുണ്ട്. അതുകൊണ്ടുമാത്രം ഇത് അവസാനിപ്പിക്കാൻ സാധിക്കില്ല. ഇത് മനുഷ്യന് സ്വമേധയാ തോന്നേണ്ട കാര്യമാണ്. അമിതമായ പലിശയ്ക്ക് ആരുമറിയാതെ പണം കടമെടുത്ത്, പണമടയ്ക്കാതെ കഷ്ടത്തിലാകരുത് എന്ന ഒരു ചിന്ത എല്ലാവർക്കും വേണ്ടതാണ്. എന്നാലും ആവശ്യത്തിന് പണം ബാങ്കുകളിൽ നിന്ന് കിട്ടാനുള്ള സൗകര്യം ഉണ്ടാകുന്നത് നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: സർ, ഒരു ഭാഗത്ത് തമിഴ്നാട്ടുകാരും മറ്റുംവന്ന് കുടുംബിനികളെ കടക്കെണിയിൽപ്പെടുത്തുന്നതുപോലെ തന്നെ മറ്റൊരു വശത്ത് വ്യാമോഹിപ്പിക്കുന്ന ദൃശ്യങ്ങളുടെ പിൻതുണയോടുകൂടി നിക്ഷേപകരെ വഞ്ചിച്ച് കബളിപ്പിക്കുന്ന അവസ്ഥ സൃഷ്ടിക്കുന്ന അവസ്ഥയുമുണ്ട്. അതുകൊണ്ട് ഇത്തരം വ്യാമോഹിപ്പിക്കുന്ന പരസ്യങ്ങളുടെ ഉറവിടം കണ്ടെത്താനും അങ്ങനെ ഒരു അന്വേഷണാത്മക ബ്ലേഡ് നിയന്ത്രണ സംവിധാനം ഒരുക്കുന്നതിനും മന്ത്രി തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. ശങ്കരനാരായണൻ: എന്തിനെക്കുറിച്ചാണ് പരസ്യമെന്ന് മനസ്സിലായില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഇന്ന് ജനങ്ങളെല്ലാം വളരെ ബുദ്ധിമുട്ടുന്ന ഒരു കാലഘട്ടമാണ്. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച, കാർഷിക മേഖലയുടെ തകർച്ച, അങ്ങനെ വിവിധങ്ങളായ പ്രശ്നങ്ങളുടെ നടുവിൽ കടം കൊള്ളുന്നതിന് വളരെയധികം ആർത്തികാണിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. കെ.എസ്.എഫ്.ഇ. ആയാലും, കെ.എഫ്.സി. ആയാലും, പണം കടം കൊടുക്കുന്നതിന് പല തടസ്സങ്ങളും കടമ്പകളും ഉള്ളതുകൊണ്ടാണ് ജനങ്ങൾ നേരെ ചെന്ന് ഈ ബ്ലേഡിലോട്ട് ഇയ്യാമ്പാറ്റകളെപ്പോലെ വീണുകൊടുക്കുന്നത്. ഇക്കാര്യത്തിൽ നിയമം നിർമ്മിക്കും, നിയമം നിർമ്മിക്കും എന്ന കോഴിയ്ക്ക് മുല വരുന്നതുപോലെയുള്ള പല്ലവിയല്ലാതെ ശക്തമായ ഒരു നിയമം നമുക്ക് ഇതുവരെ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ഇവിടെ നടക്കുന്ന എല്ലാ സ്വകാര്യ ചിട്ടികൾക്കും ജമ്മുകാശ്മീർ രജിസ്ട്രേഷനാണ്. ഇതിനൊക്കെ നിയമം നിർമ്മിക്കാൻ നാം കാണിക്കുന്ന അമാന്തമാണ് ഈ രംഗത്ത് ഉണ്ടായിരിക്കുന്ന പ്രതിസന്ധിക്ക് കാരണം. ഈ നിയമം എന്ന് നടപ്പിൽ വരുമെന്ന കാര്യത്തെക്കുറിച്ച് അങ്ങേയ്ക്ക് വ്യക്തമായ മറുപടി തരാൻ കഴിയുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: കരട് ബിൽ തയ്യാറാക്കി, ലാ ഡിപ്പാർട്ടുമെന്റിൽ അയച്ചിട്ടുണ്ട്. കഴിയുന്നതുംവേഗം ഇത് പാസ്സാക്കിയെടുക്കാനുള്ള സൗകര്യം തീർച്ചയായിട്ടും ഉണ്ടാക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സർക്കാർ സ്ഥാപനങ്ങളായ കെ.എസ്.എഫ്.ഇ., കെ. എഫ്. സി., സർവീസ് സഹകരണബാങ്കുകൾ എന്നിവയിൽനിന്നെല്ലാം ചെറിയ തോതിൽ, ചെറിയ പലിശയ്ക്ക് കടമെടുത്ത് കൂടുതൽ പലിശയ്ക്ക് ബ്ലേഡ് കമ്പനിക്കാർ നാട്ടിൻപുറത്ത് വിതരണം ചെയ്യുന്നുണ്ട്. അതുപോലെ വിദേശ രാജ്യങ്ങളിലെ ഗവൺമെന്റിന്റെയും അല്ലെങ്കിൽ ഷേക്കുമാരുടേയും മുതലാളിമാരുടേയും പണമാണെന്നു പറഞ്ഞ്, രണ്ട് ശതമാനം, മൂന്ന് ശതമാനം പലിശയ്ക്ക് കേരളത്തിൽ കടം കൊടുക്കാൻ തയ്യാറാണെന്നു പറഞ്ഞ് കുറേ ഏജന്റുമാർ ഇവിടെ വിലസുന്നുണ്ട്. അവർ കമ്മിഷൻ വാങ്ങി പോകുന്നതല്ലാതെ ഒരിക്കലും ഇതുപോലുള്ള ലോൺ കേരളത്തിൽ കൊടുത്തതായിട്ടുള്ള ചരിത്രമില്ല. ഇന്റർനെറ്റിൽപോലും ഇതുപോലുള്ള തട്ടിപ്പുകൾ ധാരാളം നടക്കുന്നുണ്ട്. ഇത് നിർത്തലാക്കുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: സർ, വിദേശ പണമാണെന്നു പറഞ്ഞിട്ട്, രണ്ട് ശതമാനവും, മൂന്ന് ശതമാനവും പലിശയ്ക്ക് പണം കടം തരാമെന്നുപറഞ്ഞ് ഗവൺമെന്റിനേയും സമീപിക്കുന്നുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഈ വക കാര്യങ്ങളിൽ ഇതുവരെ ഇടപെട്ടിട്ടില്ല, ഇടപെടാൻ പറ്റില്ല, അത് ശരിയല്ല, എന്നുള്ളത് ഗവൺമെൻറിന് ബോദ്ധ്യം വന്നിട്ടുണ്ട്. ഏതായാലും ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞ കാര്യം ഇപ്പോൾ നടക്കുന്നുണ്ട്. ആർക്കും കാശ് കിട്ടിയിട്ടില്ല.

ശ്രീ. സി. മമ്മൂട്ടി: സർ, സാധാരണക്കാരായ ആളുകളെയാണ് ഏറ്റവും കൂടുതൽ ഈ ബ്ലേഡ് മാഫിയാക്കാർ പിടികൂടുന്നത്. സ്വന്തം മകളെ കെട്ടിക്കാനോ, അല്ലെങ്കിൽ രോഗംമൂലം ഓപ്പറേഷന് വിധേയമാക്കേണ്ടിവരുമ്പോഴോ ആകെയുള്ള അഞ്ചോ, ആറോ സെന്റ് ഭൂമി പണയപ്പെടുത്തേണ്ടിവരുന്നു. അത് രജിസ്റ്റർ ചെയ്തു വാങ്ങിക്കൊണ്ടാണ് പലരും പൈസ കൊടുക്കുന്നത്. അത് തിരിച്ചടയ്ക്കാൻ കഴിയാതെ വരുമ്പോൾ, അവധി നീട്ടിക്കൊടുക്കാതെ ഇത് രജിസ്റ്റർ ചെയ്ത് മറിച്ചുവിൽക്കുന്നതു മൂലം ഒരുപാട് കുടുംബങ്ങൾ ഇന്ന് ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഈ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത് ഫലപ്രദമായി നിയന്ത്രിക്കാൻ, വല്ല നിയമവും കൊണ്ടുവരാൻ തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇപ്പോഴുള്ള കോ-ഓപ്പറേറ്റീവ് ബാങ്കിംഗ് സിസ്റ്റത്തിലും മറ്റ് ബാങ്കുകളുടെ സിസ്റ്റത്തിലും എന്തെങ്കിലും മാറ്റം വരുത്താൻ പറ്റുമോയെന്ന് ആലോചിച്ചു. ഈ വിധത്തിലുള്ള ആളുകൾക്ക് കൊളാറ്ററൽ സെക്യൂരിറ്റിയില്ലാതെ പണം കടം കൊടുക്കാൻ പറ്റുമോയെന്നുള്ളത് ആലോചിച്ചിട്ട് ഒരു തീരുമാനമെടുത്താൽ മാത്രമേ ഇതിന് ഒരു പരിഹാരമാർഗ്ഗം ഉണ്ടാകുകയുള്ളൂ.

ശ്രീ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഈ അനധികൃത പണമിടപാടുകളുമായി ബന്ധപ്പെട്ട് യാതൊരു പരാതിയും ലഭിച്ചിട്ടില്ല എന്നാണ് പറഞ്ഞത്, അനുഭവം നേരെ മറിച്ചാണ്, പോലീസ് സ്റ്റേഷനുകളിൽ നിരവധി പരാതികൾ ഇതുമായി ബന്ധപ്പെട്ട് വരുന്നുണ്ട് .ഈയിടെ കണ്ണൂരിൽ ഒരു സംഭവം ഉണ്ടായി, കണ്ണൂർ ടൗണിൽ ഒരു ഹോട്ടൽ നടത്തിക്കൊണ്ടിരുന്ന ഉടമ ആത്മഹത്യ ചെയ്തു. ബ്ലേഡ് മാഫിയാ സംഘത്തിന്റെ പീഠനത്തിന്റെ ഫലമായിട്ടാണ് ആത്മഹത്യ ചെയ്തതെന്ന് അദ്ദേഹം എഴുതിവച്ചിരുന്നു. ഇതുപോലുള്ള നിരവധി പരാതികൾ പോലീസ് സ്റ്റേഷനിൽ വരുന്നുണ്ട്. കേസ് ചാർജ് ചെയ്യുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളത് ഒരു നിയമം പരിഗണനയിൽ ഉണ്ടെന്നാണ്. നിലവിലുള്ള നിയമപ്രകാരം സാമൂഹ്യ വിരുദ്ധൻമാരായി ബ്ലേഡ് മാഫിയാ സംഘത്തെ കരുതിക്കൊണ്ട്, അവർക്കെതിരായി നിലവിലുള്ള നിയമപ്രകാരം കേസ് എടുക്കാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ഗവൺമെന്റിൽ നേരിട്ട് പരാതി കിട്ടിയിട്ടില്ല എന്നാണ് പറഞ്ഞത്. ഈ വിധത്തിൽ പണം വാങ്ങുന്നവർ സാധാരണ പരാതിയുമായി വരില്ല. ഇത് കള്ളപ്പണമാണ്. അക്കൗണ്ടിലില്ലാത്ത പണമാണ്. അക്കൗണ്ടിൽ ഇല്ലാത്ത പണമായതുകൊണ്ട് ആരും ഔദ്യോഗികമായി പരാതി നൽകുന്നില്ല.

ശ്രീ. കെ.സി. ജോസഫ്: സമഗ്രമായ നിയമംകൊണ്ട് ഇതെല്ലാം പരിഹരിക്കാമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ആഗ്രഹം നല്ലതാണ്. മറ്റു മേഖലകളിൽ വായ്പാസൗകര്യം ലഭ്യമാകാതെ വരുമ്പോഴാണ് ആളുകൾ ഈ മേഖലയെ ആശ്രയിക്കുന്നത്. സഹകരണ ബാങ്കുകളും കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങളും ഡെപ്പോസിറ്റിന് കൊടുക്കുന്ന പലിശ വളരെ കുറവും വായ്പ കൊടുക്കുമ്പോൾ വാങ്ങുന്നത് കഴുത്തറുപ്പൻ പലിശയുമാണ്. ദയവായി ഡെപ്പോസിറ്റിന് കൊടുക്കുന്ന പലിശയും വായ്പയ്ക്ക് നിശ്ചയിച്ചിട്ടുള്ള പലിശയും നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഡെപ്പോസിറ്റിന്റെ പലിശയും വായ്പയുടെ പലിശയും തമ്മിൽ വ്യത്യാസമുണ്ട്. ഇവർക്ക് ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവും കൂടുതലായി വരുമ്പോൾ അവർ കൂടുതൽ പലിശ വാങ്ങും. ഇതിന് സമഗ്രമായ ഒരു നിയമം ഓൾ ഇന്ത്യാ ലെവലിൽ ഉണ്ടാക്കണം. അത് സംസ്ഥാനതലത്തിലോ വില്ലേജ് തലത്തിലോ ഉണ്ടാക്കാൻ കഴിയുന്ന കാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ: നിലവിലൊരു നിയമമുണ്ട്. പുതിയതായി നിക്ഷേപക താൽപര്യ സംരക്ഷണം എന്നു പറഞ്ഞ് ഒരു നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഇതെല്ലാം പണമിടപാടുകളുമായി ബന്ധപ്പെട്ട സിവിലും ക്രിമിനലുമായ കാര്യങ്ങളാണ്. പണമിടപാടുകളുടെ ഭാഗമായിട്ട് ഉണ്ടാകുന്ന ഗുണ്ടകളും, മാഫിയകളും അവരുടെ പ്രവർത്തനങ്ങളും എല്ലാം ഈ നിയമത്തിൽ ഉണ്ടായിരിക്കണം. ഇവിടെ ഒരു മോട്ടോർ ബൈക്ക് നിശ്ചിത പണമടച്ച് ഒരാൾ വാങ്ങുമ്പോൾ ബൈക്ക് വാങ്ങിയ ആൾ നിശ്ചിത സമയത്ത് പണം അടച്ചില്ലെങ്കിൽ ബൈക്ക് എടുത്തുകൊണ്ടുപോകും. ബൈക്ക് എടുത്തുകൊണ്ടുപോകുന്ന ചെറുപ്പക്കാരന് ആയിരം രൂപയാണ്. ഓട്ടോറിക്ഷയാണെങ്കിൽ 1,500 രൂപ കാർ, ജീപ്പ് എന്നിവയ്ക്ക് 5,000 രൂപ ലോറി തുടങ്ങിയവയ്ക്ക് 10,000 രൂപ. ഈ ക്രമത്തിലാണ് അവർക്ക് ഫീസ്. ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങളെ നേരിടാൻ ഇവരെ ക്രിമിനലുകളായി കണ്ടുകൊണ്ട് പോലീസ് വഴി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ജാംബവാന്റെ പ്രായമുള്ളവയാണ്. ഇത് നിറുത്താൻ വളരെ ശ്രമിച്ചിട്ടുണ്ട്. ഇതിന് വേറെ ഒരു ഗൂഡസംഘമുണ്ട്. അതിനെ നമുക്ക് എങ്ങനെ അമർച്ച ചെയ്യാൻ കഴിയുമെന്ന് ആലോചിച്ചതിനുശേഷം തീരുമാനിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: അനധികൃത പണമിടപാടുകാരുടെ ചൂഷണം ഇന്ന് വലിയൊരു സാമൂഹ്യപ്രശ്നമായി വളർന്നിരിക്കുയാണ്. അത് കേരളത്തിലെ ക്രമസമാധാന രംഗത്ത് അതീവ ഗുരുതരമായ പ്രശ്നം ഉണ്ടാക്കിയിരിക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, അനധികൃത പണമിടപാടുകാർക്ക് പണം വാങ്ങിക്കൊടുക്കാൻ ഇടനിലക്കാരാക്കിയിരിക്കുന്നത് മഹാഭൂരിപക്ഷം വരുന്ന പോലീസുദ്യോഗസ്ഥരെയാണ് എന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യം ഇവിടെയുണ്ട്. ഒരു കാരണവശാലും അനധികൃത പണമിടപാടുകാരുടെ മദ്ധ്യസ്ഥൻമാരായി, പണം വാങ്ങിക്കൊടുക്കുന്ന ഏജന്റുമാരായി, ഇടനിലക്കാരായി പോലീസുദ്യോഗസ്ഥർ ഒരിക്കലും അധഃപതിക്കാൻ പാടില്ല എന്ന കർശന നിർദ്ദേശം കൊടുക്കണം. പാവപ്പെട്ടവരെ പിഴിഞ്ഞ് പണം ഈടാക്കുന്നതിന് പോലീസുകാരെ ഉപയോഗിക്കാൻ പാടില്ല എന്ന് കർശനമായ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: പണം കൊടുത്ത ആൾ തിരികെ ചോദിക്കുമ്പോൾ കൊടുക്കാതിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകും. അവിടെ കലാപം ഉണ്ടാകുന്ന അവസ്ഥയിലെത്തും അപ്പോഴാണ് പോലീസ് ഇടപെടുന്നത്. അപ്പോൾ പോലീസ് ഇടപെട്ടില്ലെങ്കിൽ എന്തുകൊണ്ട് പോലീസ് ഇടപെട്ടില്ല എന്നുള്ളതായിരിക്കും പിന്നീടുള്ള ചോദ്യം. ഇതിന്റെ പ്രധാന ഇഷ്യൂ, അമിത പലിശയ്ക്ക് പണം വാങ്ങിയിട്ട് കൊടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിലുണ്ടാകുന്ന കലാപമാണ്. അതിനു പരിഹാരമാർഗ്ഗം ഉണ്ടാക്കണമെന്നു പറഞ്ഞ് ഒരു നിയമനിർമ്മാണം ഈ വിധത്തിൽ ഉണ്ടാക്കിക്കൊണ്ടുവരുക എന്നുള്ളതൊരു സാമൂഹ്യ പ്രശ്നമാണ്. ജനങ്ങൾ ഇതിനെക്കുറിച്ച് ആലോചിച്ച്, ഞങ്ങൾ ഇതിലേയ്ക്ക് പോകില്ല, ബാങ്കിലേയ്ക്ക് മാത്രമേ പോകുകയുള്ളൂ എന്ന് തീരുമാനം എടുക്കണം, എങ്കിൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ പറ്റുകയുള്ളൂ.

ശ്രീ. വി.കെ. ചന്ദ്രൻ: നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്ന ചില തീവ്രവാദ സംഘടനകൾ തൊഴിലില്ലാത്ത ചെറുപ്പക്കാരെ റിക്രൂട്ട് ചെയ്യുന്നതിനുവേണ്ടി ലക്ഷക്കണക്കിന് രൂപയാണ് മുടക്കുന്നത്. സർക്കാർ ജീവനക്കാരെപ്പോലെ മാസത്തിൽ നിശ്ചിത സംഖ്യ അലവൻസ് കൊടുത്ത്, ഈ ആളുകളെ റിക്രൂട്ട് ചെയ്ത് അവർ പറയുന്ന കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയാണ്. ഇവർ സംസ്ഥാനത്തെ സമാധാനാന്തരീക്ഷം തകർക്കുന്ന രൂപത്തിലാക്കിയിട്ടുണ്ട്. ഇത്തരം സംഘങ്ങൾ ചെറുപ്പക്കാരെ ചൂഷണം ചെയ്യുന്ന സ്ഥിതിവിശേഷം ഇല്ലാതാക്കാനും, ഇത്തരം പണമിടപാടുകളെ സംബന്ധിച്ച് അന്വേഷിക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇത് അന്വേഷിക്കാത്തതിന്റെ തകരാറല്ല. ഇത് ഒരു അന്വേഷണം നടത്തിയാൽ നിൽക്കുന്നതല്ല. ആവശ്യക്കാർ പണം വാങ്ങുന്നു. ആ പണം തിരിച്ചുകൊടുക്കാനുള്ള സാദ്ധ്യത ഉണ്ടാകില്ല. ഇതിന് പരിഹാര മാർഗ്ഗം എന്താണ്? ഇതൊരു സാമൂഹ്യപ്രശ്നമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ടി. തോമസ്: ബ്ലേഡ് മാഫിയ കേരളത്തിലെ ഏറ്റവും വലിയ സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. പല മെമ്പർമാരും ഇവിടെ അവതരിപ്പിച്ച ആശങ്ക ഞാൻ ഉയർത്തിക്കാണിക്കുകയാണ്. നിരവധി ആത്മഹത്യകളും അതിനോടനുബന്ധിച്ചുള്ള കൊലപാതകങ്ങളുമടക്കം നിരവധി കുറ്റകൃത്യങ്ങളും നടന്നിട്ടുണ്ട്. ഇതിന്റെ പ്രധാന കാരണം, ബ്ലാങ്ക് ചെക്കുകളും മുദ്രപത്രങ്ങളും ഒപ്പിട്ട് വാങ്ങിവയ്ക്കുന്നു എന്നതാണ്. ഒരു ദിവസം കേരളം മുഴുവനും റെയ്ഡ് നടത്തിയാൽ ലക്ഷക്കണക്കിന് രൂപയുടെ ബ്ലാങ്ക് ചെക്കുകളും മുദ്രപത്രങ്ങളും കിട്ടും. സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തിയാൽ ഇത് പിടിക്കാൻ കഴിയും. ഇപ്പോഴത്തെ നിയമംവച്ച് കഴിയില്ല. ഇതിനുള്ള സമഗ്രമായ നടപടി സ്വീകരിക്കുമോ? അത്തരം നടപടി കൊണ്ടുമാത്രമേ ഇത് അവസാനിപ്പിക്കാൻ കഴിയൂ. ഇതിൽ തുക എഴുതുകയില്ല. ആയിരം രൂപ വാങ്ങിയാൽ അയ്യായിരം രൂപ എന്നായിരിക്കും എഴുതുക. വേറെ ഒരു തട്ടിപ്പും കൂടിയുണ്ട്. ഇങ്ങനെ വരുന്ന ചെക്ക് കോടതിയിൽ സമർപ്പിക്കുമ്പോൾ, പോലീസുമായി ഒത്തുകളിച്ച് സമൻസ് മുടക്കും. അവസാനം വാറണ്ടാകുമ്പോഴാണ് പാവങ്ങൾ അറിയുന്നത്. അപ്പോൾ ജയിലിനകത്ത് പോകും. ഇതുമായി ബന്ധപ്പെട്ട് വന്നിരിക്കുന്ന പ്രശ്നങ്ങൾക്കെതിരെ സമഗ്രമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇതിന് സമഗ്രമായ ഒരു പരിഹാരമാർഗ്ഗം ഉണ്ടാക്കാൻ വേണ്ട കാര്യങ്ങൾ വളരെ ഗൗരവമായി ആലോചിച്ച് തീരുമാനം എടുക്കും.

ശ്രീ. സി.കെ. നാണു: ഗ്രാമങ്ങളിൽ കുറി നടത്തിയിട്ട് ലക്ഷക്കണക്കിനു രൂപയുമായി മുങ്ങുന്നവരുണ്ട്. പാവപ്പെട്ട തൊഴിലാളികളായിരിക്കും കുറിയിൽ പണം വയ്ക്കുന്നത്. കുറി നടത്തിയ ആൾ പണവുംകൊണ്ട് മുങ്ങുമ്പോൾ പണം കൊടുത്ത 10-100 പേർ ചേർന്ന് വീട് വളയുകയും ഒടുവിൽ പോലീസിന്റെ പിടിയിലാവുകയും ചെയ്യുന്നു. പൈസയും ഇല്ല; പോലീസ് കേസെന്ന ഗതികേടിലുമാകുന്നു. നമ്മുടെ നാട്ടിലെ സാമൂഹ്യസ്ഥിതി അനുസരിച്ച് എല്ലാപേരും ബാങ്കിൽ പോകണമെന്നില്ല. കൈത്തറി മേഖലയിലൊക്കെയുള്ള ആളുകൾ കുറച്ചു പൈസ കിട്ടിയാൽ കല്യാണാവശ്യത്തിന് ഉപയോഗിക്കാമെന്ന് കരുതി അവിടെ നിക്ഷേപിക്കുന്നു. കല്യാണാവശ്യം വരുമ്പോൾ കുറി നടത്തിയ ആൾ ഇതുമായി മുങ്ങി രാജകീയമായി ജീവിക്കുകയും ചെയ്യുന്നു. നിങ്ങൾ എന്തിന് ഇതിൽ ചേർന്നു എന്ന് ചോദിക്കും? ഇങ്ങനെയുള്ള പാവങ്ങൾ ഇത്തരം വഞ്ചനയ്ക്ക് വിധേയരാകാതിരിക്കാൻ എന്ത് നടപടി എത് രൂപത്തിൽ സ്വീകരിക്കാൻ സാധിക്കും?

ശ്രീ. കെ. ശങ്കരനാരായണൻ: പുതിയ നിയമം വരുമ്പോൾ ഈ കാര്യം പ്രത്യേകമായി ബില്ലിന്റെ ഒരു clause-ൽത്തന്നെ ചേർക്കാനായി തീരുമാനിച്ചിട്ടുണ്ട്. അത് ഇങ്ങനെതന്നെ നടപ്പിലാക്കാൻ കഴിയുമോ എന്നത് ആലോചിക്കണം. ആലോചിച്ചേ ചെയ്യാൻ പറ്റൂ എന്നുള്ളത് നമുക്ക് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. സമഗ്രമായ ഒരു മാറ്റം ഉണ്ടാക്കാൻ വേണ്ടി ഒരു കൂട്ടായ ശ്രമം നടത്തണം. അത് ഈ ബില്ലിൽ ഉൾപ്പെടുത്തുകയും ചെയ്യും.

ശ്രീ. വി.ഡി. സതീശൻ: രണ്ടുമൂന്ന് തരം മാഫിയകളാണുള്ളത്. രജിസ്ട്രേഷൻ ലൈസൻസ് പ്രദർശിപ്പിച്ചുകൊണ്ടുതന്നെ, ലൈസൻസ് തുകയുടെ പരിധിയിൽ അപ്പുറം നൂറായിരം ഇരട്ടിവരെ പണം കൊടുക്കുന്ന സ്ഥാപനം ഉണ്ട്. ഇതെല്ലാം പ്രദർശിപ്പിക്കാത്ത സ്ഥാപനവുമുണ്ട്. ഗ്രാമങ്ങളിലെ കവലകളിൽ മടിയിൽ പണം വച്ചുകൊണ്ട് നടക്കുന്ന മൊബൈൽ ബ്ലേഡ് ബാങ്കുകളുമുണ്ട്. ഇതെല്ലാം നിയമംമൂലം നിരോധിക്കണം. അല്ലെങ്കിൽ നിലവിലുള്ള നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് തന്നെ ലൈസൻസ് തുകയുടെ പരിധിക്കുമീതെ നൂറായിരം ഇരട്ടിവരെ പണമിടപാട് നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ കുറച്ചുകൂടി ഇഫക്ടീവാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട സ്പീക്കർ ആദ്യം സൂചിപ്പിച്ച തരത്തിൽ ഒരു രജിസ്ട്രേഷൻ കൊണ്ടുവരാൻ കഴിയില്ല. രജിസ്ട്രേഷൻ എടുക്കുന്നവർക്ക് മാത്രമേ ഇത് കൈകാര്യം ചെയ്യാൻ പാടുള്ളൂ എന്ന തരത്തിൽ രജിസ്ട്രേഷൻ നടത്തുന്നതിന് സംവിധാനം കൊണ്ടുവരാൻ കഴിയുമോ എന്ന് ആലോചിക്കാം.

ശ്രീ. എ. കെ. ബാലൻ: കേരളത്തിലെ അനധികൃത പണം ഇടപാടുകാരെ നിയന്ത്രിക്കുന്നതിന് വേണ്ടി കേരളത്തിൽ ആദ്യമായി 1967-ലെ ചിട്ടി ആക്റ്റ് ഉണ്ടാക്കിയത് സപ്തകക്ഷി ഗവൺമെന്റിന്റെ ഭരണകാലത്താണ്. ആ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ഇന്ന് ഇൻഡ്യയ്ക്കും കേരളത്തിനും അഭിമാനകരമായി വളർന്നത്. ഓരോ വർഷവും 30, 32, 35 കോടി രൂപ ലാഭമുണ്ടാക്കി 10 പൈസ ഗവൺമെന്റ് അങ്ങോട്ട് കൊടുക്കാതെ ഇങ്ങോട്ട് തരുന്ന ഒരു സ്ഥാപനമാണത്. ആ നിയമം നമ്മൾ ഭേദഗതി ചെയ്ത് ബ്ലേഡുകാരെ സഹായിക്കാനുള്ള ചില clause അതിൽ ചേർത്തു. ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുടേയും മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി ആ clause നമ്മൾ മാറ്റി. എന്നിട്ട് ഒരു ഭേദഗതി കൊണ്ടുവന്നു. പുറത്ത് രജിസ്റ്റർ ചെയ്തിട്ട് ഇവിടെ ചിട്ടി നടത്തുന്ന കമ്പനിക്കാർ 20 ശതമാനം ഉണ്ടെങ്കിൽ കേരളാ ചിട്ടി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ഭേദഗതി നിയമത്തിലുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആ നിയമം ഇവിടെ നടപ്പിലാക്കിയിരുന്നുവെങ്കിൽ ഒരൊറ്റ ബ്ലേഡുകാർക്കും കേരളത്തിൽ നിൽക്കാൻ പറ്റില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവരാൻ പോകുന്ന ഭേദഗതി നിയമത്തിന്റെ ഉള്ളടക്കവും ഈ ബ്ലേഡുകാരെ സഹായിക്കാനുള്ളതാണെന്ന് ഞാൻ ഭയപ്പെടുന്നു. കേരളത്തിൽ ബ്ലേഡുകാരെ നിയന്ത്രിക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട മന്ത്രി 2002-ൽ കൊണ്ടുവന്ന നിയമം നടപ്പിലാക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. ശങ്കരനാരായണൻ: ബഹുമാനപ്പെട്ട മെമ്പർ കെ.എസ്.എഫ്.ഇ-യുടെ ചെയർമാനായി ദീർഘകാലം ഇരുന്ന ആളാണ്. കെ.എസ്.എഫ്.ഇ. ചിട്ടയായി, കൃത്യമായി കുറി നടത്തി ലാഭമുണ്ടാക്കുന്നുണ്ട്. ഗവൺമെന്റ് തന്നെ 10 കോടി രൂപ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കണമെന്ന് പറഞ്ഞ് കൊടുത്തിട്ടുണ്ട്. രണ്ടാമത്തെ കാര്യം അദ്ദേഹം പറഞ്ഞത് പരിശോധനയ്ക്ക് വിധേയമാക്കേണ്ട കാര്യമാണ്. അത്



LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ ചെയ്യാൻ സാധിക്കും, അതിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താൻ സാധിക്കും എന്നത് പരിശോധിക്കാം. സഹകാര്യ മേഖലയിലുള്ള രജിസ്റ്റേർഡ് കുറി കമ്പനികളെ മാറ്റി നിർത്താൻ പറ്റുമോ എന്നുള്ളത് സംശയമാണ്. അതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: അമിതമായ പലിശയും പിഴപലിശയും ചുമത്തി ഇടപാടുകാരെ കടക്കെണിയിൽ കുടുക്കി അരാജകത്വം സൃഷ്ടിക്കുന്നത് ഒരു ഭാഗം മാത്രമാണ്. ഇവർക്ക് ഒരു മറുഭാഗമുണ്ട്. നമ്മുടെ സംസ്ഥാനത്ത് പി.ഡബ്ലിയു.ഡി കോൺട്രാക്ടർമാർ അടക്കമുള്ള കരാറുകാർ ഇത്തരം അനധികൃത സ്ഥാപനങ്ങളിൽ നിന്ന് പണം വാങ്ങി ലക്ഷക്കണക്കിനും, കോടിക്കണക്കിനും രൂപ പലിശ കൊടുത്തിട്ടാണ് കരാർ അടിസ്ഥാനത്തിലുള്ള പണി ചെയ്യുന്നത്. അവരുടെ ബിൽ പാസ്സായി വരുന്നത് നാലും അഞ്ചും വർഷം കഴിഞ്ഞിട്ടാണ്. അപ്പോൾ ഇത്രയും നാളത്തെ പലിശ കൂടി ചേർത്തിട്ടാണ് ഈ പണം വാങ്ങുന്നത്. അതുകൊണ്ട് ബഡ്ജറ്റ് വർക്കിന്റെ കരാർ പണിയിൽപ്പോലും അഴിമതി കടന്നുവരാൻ ഇത് ഇടയാക്കുന്നുണ്ട്. ഇപ്പോൾ ബാങ്കിൽ നിന്ന് ഒ.ഡി. കൊടുക്കുന്നുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് കോൺട്രക്ടർമാരുടെ ബിൽ ബാങ്കിൽ സ്വീകരിച്ചിട്ട് പണം കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ബാങ്കുമായി കരാർ ഉണ്ടാക്കാൻ മന്ത്രി മുൻകയ്യെടുക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: അതിന് പ്രത്യേകമായി മറുപടി പറയാൻ കഴയില്ല.

ശ്രീ. കളത്തിൽ അബ്ദുള്ള: ഇവിടെ കുടുംബശ്രീയുണ്ട്; ധാരാളം സഹകരണ സ്ഥാപനങ്ങളുമുണ്ട്. ഇത്തരത്തിലുള്ള ബഹുഭൂരിപക്ഷം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് പൊളിറ്റിക്കൽ ലീഡർഷിപ്പാണ്. പക്ഷേ ആളുകൾ ആദ്യം പണം ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയിട്ട് വീണ്ടും അമിത പലിശയ്ക്ക് കടം കൊടുക്കുന്ന ഏർപ്പാടുകൾ ശക്തമായതുകൊണ്ട് പല കുടുംബങ്ങളും വളരെ വലിയ പ്രശ്നം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കുടുംബശ്രീ, കെ.എഫ്.സി.., കെ.എസ്.എഫ്.ഇ., സഹകരണ ബാങ്കുകൾ, ലീഡ് ബാങ്കുകൾ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മൈക്രോ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ അടിയന്തിരമായി സർക്കാർ ആലോചനാ യോഗം വിളിച്ചുചേർക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാം.

വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി

*2 (62) ശ്രീ. പി. സി. ജോർജ്:

„ കെ. പി. സതീശ്ചന്ദ്രൻ:

„ മത്തായി ചാക്കോ:

„ എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: